സി.ബി.(3) 9350/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി – 22.05.2017
Email: keralarcs@gmail.com
Website: www.cooperation.kerala.gov.in
Tel. No. 0471 2330726

## സർക്കുലർ നമ്പർ 29/2017

വിഷയം – സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണം മിന്നൽ പരിശോധന, വിശദപരിശോധനകളിൽ ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന – 1. സഹകരണ സംഘം രജിസ്ട്രാറുടെ 57/2006 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 27/2017 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം വ്യാപിക്കുന്നതോടെ സഹകരണ വകുപ്പ് കൂടുതൽ മുൻകരുതലും ജാഗ്രതയും പാലിക്കേണ്ടതിന്റെ അനിവാര്യത സൂചന (2) സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജാഗ്രത ആഡിറ്റ് പ്രക്രിയയിൽ മാത്രം ഒതുക്കേണ്ടതല്ല എന്നതിനാൽ സഹകരണ വകുപ്പിലെ യൂണിറ്റ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ തങ്ങളുടെ പ്രതിമാസ പരിശോധനകളുടെ ഭാഗമായി വിശദ, മിന്നൽ പരിശോധനകളിൽ താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിശോധനാ വിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്നും ആയത് നിയന്ത്രണോദ്യോഗസ്ഥൻമാർ വിലയിരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

1. കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് സഹകരണ സ്ഥാപനം രജിസ്ട്രാറുടെ അനുമതി വാങ്ങിയിട്ടുണ്ടോ
2. കമ്പ്യൂട്ടർവൽക്കരണത്തിനായി സഹകരണ സ്ഥാപനം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്
3. മേൽപ്പറഞ്ഞ തുക ചെലവഴിക്കുന്നതിൽ വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ
4. ചെലവഴിച്ചിട്ടുള്ള തുക മാർക്കറ്റ് തോതുമായി താരതമ്യം ചെയ്യുമ്പോൾ ന്യായീകരിക്കത്തക്കതാണോ
5. സംഘത്തിന്റെ പ്രവർത്തനാവശ്യങ്ങൾക്കെല്ലാം പര്യാപ്തമാണോ നിലവിലുള്ള സോഫ്റ്റ്‌വെയർ
6. സംഘം ചീഫ് എക്സിക്യൂട്ടീവിന് സിസ്റ്റത്തിൻമേൽ നിയന്ത്രണമുണ്ടോ, ചീഫ് എക്സിക്യൂട്ടീവിന്റെ അനുമതിയോടുകൂടിയാണോ ഇടപാടുകൾ നടക്കുന്നത്
7. സംഘത്തിലെ ജീവനക്കാർക്ക് മതിയായ കമ്പ്യൂട്ടർ പരിശീലനം ലഭിച്ചിട്ടുണ്ടോ

8. സ്ഥിരം ജീവനക്കാർ അല്ലാത്തവർ സിസ്റ്റം നിയന്ത്രിക്കുന്നുണ്ടോ
9. സ്ഥാപനം വെണ്ടറുമായി വ്യക്തമായ ഉഭയകക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ടോ
10. ഉണ്ടെങ്കിൽ ആയതിൽ സംഘത്തിന്റെ താൽപര്യങ്ങൾക്കു വിരുദ്ധമായ എന്തെങ്കിലും വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ടോ
11. സോഫ്റ്റ്‌വെയർ സംബന്ധിച്ച യൂസർ മാന്വൽ സംഘത്തിന്റെ പക്കൽ ലഭ്യമാണോ
12. എ.എം.സി. കരാർ വ്യവസ്ഥ പ്രകാരമുള്ള തുക തന്നെയാണോ പെയ്മെന്റ് ചെയ്തിട്ടുള്ളത്
13. സംഘം ഉപയോഗിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം ലൈസൻസ് ഉള്ളതാണോ
14. ഏതെല്ലാം മേഖലകളിൽ കമ്പ്യൂട്ടർ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്
15. സംഘത്തിൽ ഹാർഡ്‌വെയർ അസെറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ
16. വാർഷിക സാമ്പത്തിക കണക്കുകൾ തയ്യാറാക്കുന്നതിൽ സ്വീകരിക്കുന്ന രീതി പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമാണോ
17. സെക്യൂരിറ്റി സംബന്ധമായ മുൻകരുതലുകൾ സംഘം കൈക്കൊണ്ടിട്ടുണ്ടോ
18. അധികാരപ്പെടുത്തിയവർ കൂടാതെ മറ്റുള്ള ജീവനക്കാർ സംഘത്തിന്റെ കമ്പ്യൂട്ടർ പ്രവർത്തനങ്ങളിൽ ഇടപെടുന്നുണ്ടോ
19. കോർ ബാങ്കിംഗിനായി സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള ധനസഹായം ശരിയായ രീതിയിൽ വിനിയോഗിച്ചിട്ടുണ്ടോ എന്ന്

കമ്പ്യൂട്ടർ ഹാർഡ്‌വേർ പർച്ചേസ്, സ്റ്റോക്ക് രജിസ്റ്റർ, എ.എം.സി. എന്നിവ പരിശോധിച്ച് അക്കാര്യങ്ങൾ പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്

സഹകരണ സംഘങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം പ്രതിമാസ അവലോകന യോഗങ്ങളിൽ ഒരു അജണ്ടയാക്കി ചർച്ചചെയ്യുകയും, പരിശീലനം ആവശ്യമായ ഉദ്യോഗസ്ഥർക്ക് ആയത് നൽകുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ഈ സർക്കുലർ നിർദ്ദേശം തങ്ങളുടെ നിയന്ത്രണത്തിലുള്ള മൊത്തം ഉദ്യോഗസ്ഥരിലും എത്തി എന്ന് അതാതു ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതും ആയതു സംബന്ധിച്ച അവലോകനം ജില്ലാതല റിവ്യൂ മീറ്റിംഗുകളിൽ നടത്തേണ്ടതുമാണ്.

ഒപ്പ്
എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് –
1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർമാർക്കും
4. അഡ്മിനിസ്ട്രേറ്റർ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

5. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
6. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. അഡ്മിനിസ്ട്രേറ്റർ/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
9. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/ കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്.
10. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.... . . . . . . . . . . . . . . . . .
11. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
12. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
13. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
14. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
15. രജിസ്ട്രാറുടെ മേശപ്പുറത്ത്
16. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
17. വെബ്സൈറ്റ്
18. സ്റ്റോക്ക് ഫയൽ
19. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി.)